# സഭയുടെ ഒരു മുതിർന്ന അപ്പൊസ്തലനായ പത്രൊസിനോട് പൗലൊസ് എതിർത്തു നിൽക്കുന്നു

സാക് പുന്നൻ

WFTW 02 ഒക്ടോബർ 2016

ഗലാത്യർ 2 :11 ൽ പൗലൊസ് , പത്രൊസിനോടുപോലും എതിർത്തു നിൽക്കുന്നതായി നാം വായിക്കുന്നു. 'പത്രൊസ് അന്ത്യോക്യയിൽ വന്നാറെ, ഞാൻ അഭിമുഖമായി അവനോട് എതിർത്തു നിന്നു'.പൗലൊസിന് ദൈവത്താൽ നൽകപ്പെട്ടഒരു ശുശ്രൂഷ ഉണ്ടെന്ന് തിരിച്ചറിഞ്ഞ് പരസ്യമായി പൗലൊസിനെ സ്വാഗതം ചെയ്ത ഒരാളാണ് പത്രൊസ് എന്ന കാര്യം ഓർക്കുക (2 : 9). എന്നിട്ടും പൗലൊസ് അവനോട് എതിർത്തു നിന്നു. ഇവിടെ പത്രൊസിനെയും , യാക്കോബിനെയും, യോഹന്നാനെയും കുറിച്ച് അത്ഭുതകരമായ ചില കാര്യങ്ങൾ നാം കാണുന്നു. അവരെക്കാൾ വളരെ ചെറുപ്പമായ പൗലൊസിന്, അവരെക്കാൾ വിശാലമായ ഒരു ശുശ്രൂഷ ഉണ്ടാകാൻ തുടങ്ങിയപ്പോൾ അത് അംഗീകരിച്ച് അവനെ അതിനായി ഉത്സാഹിപ്പിക്കുവാനുള്ള കൃപ അവർക്കുണ്ടായിരുന്നു. ഇന്ന് അതുപോലെ ഒരു യുവ സഹോദരൻറെ മേലുള്ള അഭിഷേകം തിരിച്ചറിയുവാൻ ആവശ്യമായ കൃപയുള്ള പ്രായമായ ദൈവദാസന്മാരെ കണ്ടെത്തുന്നത് വളരെ വിരളമായാണ്. സഭയിലെ ഒരു മുതിർന്ന നേതാവായ പത്രൊസിനെ പൗലൊസ് അപ്പോൾ എതിർക്കുകയും അദ്ദേഹം തെറ്റിയിരിക്കുന്നു എന്ന് അദ്ദേഹത്തോട് പറയുകയും ചെയ്യുന്നു. അത്, ഇളമുറക്കാരനായ ഒരു പ്രവർത്തകൻ തൻറെ സഭാവിഭാഗത്തിൻറെ ഉന്നതനേതാവിനോട് എതിർത്തു നിന്നിട്ട് ' നിങ്ങൾ തെറ്റിയിരിക്കുന്നു ' എന്ന് അയാളോട് പറയുന്നത് പോലെയാണ്.

എന്തുകൊണ്ടാണ് പൗലൊസിനെ പോലെയുള്ളവർ വളരെ കുറച്ചു മാത്രമുള്ളത്? കാരണം മിക്ക ക്രിസ്ത്യാനികളും നയതന്ത്രപരരും മനുഷ്യരെ പ്രസാദിപ്പിക്കുവാൻ നോക്കുന്നവരുമാണ്. അവരുടെ ഒത്തുതീർപ്പു മനോഭാവത്തെ ശാന്തതയും വിനയവുമായി അവർ തെറ്റിദ്ധരിക്കുന്നു. സുവിശേഷത്തിൻറെ സത്യത്തിലേക്കു വരുമ്പോൾ നമ്മുടെ പ്രശസ്തി നാം അന്വേഷിക്കരുത്. സത്യം നമ്മുടെ സ്വത്തല്ല. അത് ദൈവത്തിൻറേതാണ് അതുകൊണ്ട് നാം അതിനെ സംരക്ഷിക്കേണ്ടതുണ്ട്. മിക്ക ക്രിസ്ത്യാനികളും അവരുടെ ഭൗതിക സമ്പത്തിനുവേണ്ടി നഖശിഖാന്തം പോരാടാറുണ്ട്. എന്നാൽ മോഷ്ടിക്കപ്പെട്ടുകൊണ്ടിരിക്കുന്ന ദൈവത്തിൻറെ സ്വത്തിൻറെ സത്യം കാര്യത്തിലേക്ക് വരുമ്പോൾ, മിക്ക ക്രിസ്ത്യാനികളും കേവലം നിശബ്ദത പാലിക്കുന്നു. അവർ ദൈവത്തെയോ സത്യത്തെയോ സ്നേഹിക്കുന്നില്ല. എന്നാൽ പൗലൊസ് സത്യത്തെ സ്നേഹിച്ചു.

ആരെങ്കിലും പൗലൊസിൻറെ അങ്കിയോ, ഉടുപ്പോ മാത്രമാണ് മോഷ്ടിച്ചിരുന്നതെങ്കിൽ, അതെടുക്കുവാൻ അവൻ അവരെ അനുവദിക്കുമായിരുന്നു. എന്നാൽ അവർ ദൈവ വചനത്തിലുള്ള സത്യത്തെ മോഷ്ടിച്ചപ്പോൾ, അദ്ദേഹം സത്യത്തിനുവേണ്ടി പോരാടി. ഓരോ ദൈവഭക്തന്മാരും അങ്ങനെ തന്നെയാണ്. അവൻറെ സ്വന്തം സ്വത്തിനുവേണ്ടി കരുതുന്നതിനെക്കാൾ കൂടുതൽ ദൈവത്തിൻറെ സത്യത്തിനുവേണ്ടി കരുതുന്നു. നിങ്ങൾ എല്ലാവരും നിങ്ങളുടെ സ്വന്തം സ്വത്തിനെ വിലമതിക്കുന്നത്രയും ദൈവത്തിൻറെ സത്യത്തെ വിലമതിച്ചിരുന്നെങ്കിൽ, നിങ്ങൾക്ക് ഇപ്പോൾ ഉള്ളതിനെക്കാൾ വളരെയധികം പുരോഗതി ഉണ്ടാകുമായിരുന്നു. സത്യത്തിനുവേണ്ടി ഒരു നിലപാടെടുക്കാൻ മനസ്സുള്ള വളരെക്കുറച്ചുപേർ മാത്രമേ ഉള്ളു എന്നു ഞാൻ കാണുന്നു. മിക്ക പ്രാസംഗികരും മനുഷ്യരെ പ്രസാദിപ്പിക്കുന്നവരാണ്. അതുകൊണ്ട് ദൈവത്തിന് അവരെ തൻറെ പ്രവാചകന്മാരാക്കുവാൻ കഴിയുന്നില്ല. നിങ്ങൾക്ക് ആരെ പ്രസാദിപ്പിക്കുവാനാണ് ആഗ്രഹം എന്നു കാണുവാൻ ദൈവം നിങ്ങളെ വിവിധങ്ങളായുള്ള നിരവധി സാഹചര്യങ്ങളിലൂടെ പരിശോധന ചെയ്യും. ഇവിടെ

പൗലൊസ് പത്രൊസിനെ പ്രസാദിപ്പിക്കുവാൻ നോക്കുമോ എന്നു കാണുവാൻ ദൈവം അദ്ദേഹത്തെ പരിശോധിക്കുന്നു. പത്രൊസ് ഒരു മുതിർന്ന അപ്പൊസ്തലനായിരുന്നു, എന്നാൽ ആദ്ദേഹം ചെയ്തത് തെറ്റായിരുന്നു (ഗലാ 2 :12). അദ്ദേഹം ജാതികളോടുകൂടെ ഭക്ഷണം കഴിച്ചുപോന്നു. എന്നാൽ യാക്കോബിൻറെ (യരൂശലേമിലെ മൂപ്പൻ) അടുക്കൽ നിന്നു ചിലർ വന്നപ്പോൾ, യാക്കോബ് എന്തു വിചാരിക്കും എന്ന് ഭയപ്പെട്ട് അദ്ദേഹം പിൻവാങ്ങി പിരിഞ്ഞുനിന്നു. അപ്പോഴാണ് പൗലൊസ് പത്രൊസിനോട് എതിർത്തു നിന്നത്. ബർന്നബാസ് പോലും പത്രൊസിൻറെ കാപട്യത്തിൽ തെറ്റിപ്പോകുവാൻ ഇടയായി(ഗലാ 2 : 13).

ബർന്നബാസും പൗലൊസിനെക്കാൾ മുതിർന്ന ആളായിരുന്നു. അയാൾ ശാന്തനും കൃപാലുവുമായ ഒരാളായിരുന്നു. അയാളുടെ മനോഭാവം ഇപ്രകാരമായിരുന്നിരിക്കാം, ‘ സഹോദരൻ ഒരു മുതിർന്ന സഹോദരനാണ്. അതുകൊണ്ട് എന്തെങ്കിലും പറഞ്ഞ് ദൈവഭക്തനായ ഈ മനുഷ്യനെ ഞാൻ വിധിക്കാതിരിക്കട്ടെ‘. എന്നാൽ പൗലൊസിൻറെ മനോഭാവം ഇപ്രകാരമായിരുന്നു,‘ അദ്ദേഹം കൂടുതൽ ദൈവഭക്തനാണോ എന്നതല്ല ഇവിടുത്തെ ചോദ്യം. ഞാൻ എന്നെത്തന്നെ അദ്ദേഹത്തോട് താരതമ്യം ചെയ്യുകയല്ല. അദ്ദേഹം ചെയ്യുന്നത് നമ്മൾ പ്രസംഗിക്കുന്ന സുവിശേഷത്തിന് എതിരായിട്ടുള്ളതാണ്. ജാതികളോട് കൂടെ ഭക്ഷിക്കുന്നതിൽ എന്താണ് തെറ്റ്? സഹോദരൻ യാക്കോബിന് പറയാനുള്ളതിനെ നാം എന്തിനാണ് ഭയപ്പെടുന്നത് ?‘

ഇതുപോലെ ഏതെങ്കിലും മുതിർന്ന സഹോദരന്മാരുടെ അഭിപ്രായത്തെ നിങ്ങൾ ഭയപ്പെടുന്നുണ്ടോ? പൗലൊസിനെപ്പോലെ ധീരന്മാരായ, ഭയരഹിതരായ ആളുകൾ ഒന്നാം നൂറ്റാണ്ടിലുണ്ടായിരുന്നതുകൊണ്ടാണ്, പുതിയ നിയമത്തിൽ നമുക്ക് നിർമ്മല സുവിശഷം ഉള്ളത്. ഈ കഴിഞ്ഞ 20 നൂറ്റാണ്ടുകളിലും സുവിശേഷ സത്യത്തിനുവേണ്ടി നിന്ന ഭയരഹിതരും, മനുഷ്യരെ പ്രസാദിപ്പിക്കാൻ നേക്കാത്തവരുമായ ആളുകൾ ഉണ്ടായിരുന്നതുകൊണ്ടാണ്, ഇന്ന് നമുക്ക് നിർമ്മല സുവിശേഷ സന്ദേശങ്ങൾ ഉള്ളത്. അപ്രകാരമുള്ള ആളുകൾക്കായി ദൈവത്തിനു നന്ദി.